

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026

## ജി യു പി എസ്

## തൈക്കാട്ടുശ്ശേരി

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയ ചരിത്രം

4. വിദ്യാലയം - മികവിന്റെ കാഴ്ചപ്പാട്

5. നിലവിലെ അവസ്ഥാ വിശകലനം

6. പദ്ധതി രൂപീകരണ പ്രക്രിയ വിഷയ മേഖല പ്രവർത്തനങ്ങൾ

7. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | - ഗവ യുപി സ്കൂൾ, തൈക്കാട്ടുശ്ശേരി |
| വിലാസം | - തൈക്കാട്ടുശ്ശേരി പി ഓ, ചേർത്തല,ആലപ്പുഴ |
| ഫോൺ | - 0478 2533222 |
| സ്കൂൾ കോഡ് | - 34337 |
| വിദ്യാഭ്യാസ ഉപജില്ല | - തുറവൂർ |
| വിദ്യാഭ്യാസ ജില്ല | - ചേർത്തല |
| റവന്യൂ ജില്ല | - ആലപ്പുഴ |
| ബി ആർ സി | - തുറവൂർ |
| സി ആർ സി | - തൈക്കാട്ടുശ്ശേരി |
| ഗ്രാമപഞ്ചായത്ത് | - തൈക്കാട്ടുശ്ശേരി |
| ബ്ലോക്ക് പഞ്ചായത്ത് | - തൈക്കാട്ടുശ്ശേരി |
| ജില്ലാ പഞ്ചായത്ത് | - ആലപ്പുഴ |
| നിയമസഭാ മണ്ഡലം | - അരൂർ |
| ലോക്സഭാ മണ്ഡലം | - ആലപ്പുഴ |
| താലൂക്ക് | - ചേർത്തല |
| വില്ലേജ് | - തൈക്കാട്ടുശ്ശേരി |
| ഇമെയിൽ | - 34337thuravoor@gmail.com |

# ആമുഖം

*"Education is the more powerful weapon in which you can use to change the world"*

*"By Education I mean an all round drawing of the best in child and man in body mind and spirit"*

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതുണ്ട്.അതിന്റെ ഭാഗമായി ഓരോ കുട്ടിയുടെയും അറിവും കഴിവും കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിനായി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഇത്തരം ആസൂത്രണത്തിന്റെ ഭാഗമായി കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷമായുതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയുന്നു ഈ വിദ്യാലയത്തിന്റെ സാഹചര്യങ്ങൾ വിലയിരുത്തി ഇവിടെ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഏറ്റവും മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളുകൾ പൊതുവായും സവിശേഷമായും മുന്നോട്ടു വയ്ക്കുന്ന ലക്ഷ്യങ്ങളും അതിനു സഹായകമായ പ്രവർത്തനങ്ങളും സമയബന്ധിതമായി എങ്ങനെയെല്ലാം നടപ്പാക്കുമെന്ന് ഈ രേഖ വിശദീകരിക്കുന്നു

ഗുണമേൻമയുള്ള വിദ്യാഭ്യസം ഉറപ്പാക്കാൻ വിദ്യാഭ്യസ അവകാശ നിയമം നിഷ്കർഷിക്കുന്ന സാധ്യായ ദിനങ്ങൾ ലഭ്യമാക്കൽ ഓരോഘട്ടത്തിലും കുട്ടി നേടണമെന്ന് കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ മികവാർന്ന തലത്തിൽ നേടിയെന്ന് ഉറപ്പാക്കൽ, സ്കൂൾ വിദ്യാഭ്യാസത്തിലൂടെ കടന്നുവരുന്ന കുട്ടികളിൽ മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ, ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ പാരിസ്ഥിതിക അവബോധം എന്നിവ ഉറപ്പാക്കൽ , ആധുനീക സാങ്കേതിക സാദ്ധ്യതകൾ പ്രയോജനപ്പെടുത്തൽ രക്ഷിതാക്കളിൽ ഗുണമേൻമാ വിദ്യാഭ്യസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ സൃഷ്ടിക്കൽ, നാട്ടിലെ എല്ലാവിധ

സാധ്യതകളെയും സ്കൂൾ വിദ്യാഭ്യാസ വികസനത്തിനായി ഏകോപിപ്പിക്കൽ, അധ്യാപകരുടെ ആത്മവിശ്വാസം വളർത്താനും മനോഭാവത്തിൽ പരിവർത്തനം ആവശ്യമെങ്കിൽ അതുണ്ടാക്കാനുള്ള അക്കാദമിക സാഹചര്യം സൃഷ്ടിക്കൽ തുടങ്ങി വിദ്യാഭ്യാസ രംഗത്ത് നാം നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ സഹായകമായ സ്കൂൾതല ഇടപെടലിന് ഈ രേഖ അവസരമൊരുക്കുന്നു.

ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഏറ്റവും മികച്ച വിദ്യാഭ്യാസം നല്കുന്നതിന് സഹായകമായ വിധത്തിൽ ഭൗതിക പരിസരവും പഠന പരിസരവും ഏറ്റവും മികച്ചതാക്കി മാറ്റേണ്ടതുണ്ട് മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയും ജീവിത പരിസരത്തെ സസ്യ ജന്തു പാരസ്പര്യത്തെയും കണ്ടറിയാനും തൊട്ടറിയാനും സഹായകമായ പഠനപരിസരം ലഹരിവിരുദ്ധ മനോഭാവം പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് എന്നിവയെല്ലാം ഇത് വിഭാവനം ചെയ്യുന്നു ശാസ്ത്രീയ മനോഭാവവും പാരിസ്ഥിതിക അവബോധവും കൃഷിയോടുള്ള അനുകൂല മനോഭാവവും കുട്ടികളിൽ ഉളവാകണമെന്ന് ഇതു ലക്ഷ്യം വയ്ക്കുന്നു

## ലക്ഷ്യങ്ങൾ

1. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക

2. മുഴുവൻ കുട്ടികൾക്കും പ്രായത്തിനനുസരിച്ച് അവർ നേടേണ്ട പഠന നേട്ടങ്ങൾ ഉറപ്പാക്കുക

3. ഓരോ കുട്ടിക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക

4. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജന വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക

5. പുതിയ തലമുറയിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക

6. പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്ത ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക

7. പോഷക സമൃദ്ധമായ ഭക്ഷണം ഉറപ്പാക്കുക

8. കുട്ടിയുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുക

9. കുട്ടിക്ക് നിർഭയമായും സ്വതന്ത്രമായും ഇടപഴകാൻ അവസരം ഒരുക്കുക

10. ജീവിതനൈപുണികൾ നേടുന്നതിന് പരിശീലിപ്പിക്കുക

11. മുഴുവൻ കുട്ടികൾക്കും അവസരസമത്വം ഉറപ്പാക്കുക

11. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക

13. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പരിശീലിപ്പിക്കുക

14. കൗൺസിലിംഗ് സൗകര്യം ഒരുക്കുക

15. കലാ കായിക പരിശീലനം നൽകുക

16. സുരക്ഷ ഉറപ്പാക്കുക

## വിദ്യാലയ ചരിത്രം

1909 - ൽ ആണ് ഈ വിദ്യാലയം ആരംഭിച്ചത് ആദ്യകാലത്ത് മൂലംകുഴി ശ്രീ പത്മനാഭകർത്തായുടെ പുരയിടത്തിൽ പെൺകുട്ടികൾക്കായി പള്ളിപ്പുറം പ്രവർത്തി സ്കൂൾ എന്ന പേരിലാണ് ഈ വിദ്യാലയം പ്രവർത്തിച്ചിരുന്നത് പിന്നീട് അദ്ദേഹം സൗജന്യമായി കൊടുത്ത 8 ¾ സെന്റ് സ്ഥലത്തേക്ക് ഗവ മലയാളം പ്രൈമറി സ്കൂൾ എന്ന പേരിൽ മാറ്റി സ്ഥാപിച്ചു അവിടെയാണ് ഇന്ന് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്

പെൺകുട്ടികൾ മാത്രം പഠിച്ചിരുന്നതിനാൽ പെൺപള്ളിക്കൂടം എന്നും അറിയപ്പെട്ടിരുന്നു പിന്നീട് യുപി സ്കൂൾ ആയി ഉയർത്തിയപ്പോഴും രക്ഷകനായി ശ്രീ പത്മനാഭ കർത്താ എത്തി 13 സെന്റ് സ്ഥലം കൂടി അദ്ദേഹം ദാനം ചെയ്തു തുടർന്ന് 5 6 ക്ലാസുകൾ ആരംഭിക്കുകയും ആൺകുട്ടികൾക്കും പഠിക്കുവാൻ അവസരം നൽകുകയും ചെയ്തു SMSJHS ന്റെ കോമ്പൗണ്ടിൽ പ്രവർത്തിച്ചിരുന്ന ആൺകുട്ടികൾക്കായുള്ള ഗവ മലയാളം മീഡിയം സ്കൂളും ഈ സ്കൂളും ചെലവ് ചുരുക്കത്തിൽ ഭാഗമായി ഒരു ഹെഡ്മാസ്റ്ററുടെ കീഴിലാക്കി എന്നും പിന്നീട് ആ സ്കൂൾ കെട്ടിടം ക്ലാസ് നടത്താൻ പറ്റാത്ത അവസ്ഥയിൽ ആയപ്പോൾ അവിടെ നടത്തിയിരുന്ന ക്ലാസുകൾ കൂടി ഇപ്പോഴത്തെ സ്ഥലത്തേക്ക് മാറ്റിയതായി പറയപ്പെടുന്നു .

അനേകായിരംവിദ്യാർഥീ വിദ്യാർത്ഥിനികൾ ഈ മാതൃസ്ഥാപനത്തിലൂടെ കടന്നുപോയി ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രശസ്തരായി സേവനമനുഷ്ഠിക്കുന്നു.

നമ്മുടെ സംസ്ഥാനത്തിന്റെ മുൻ ഡിജിപി യും റോയുടെ തലവനും ആയിരുന്ന ശ്രീ.ഹോർമിസ്തരകൻ, ധനകാര്യവകുപ്പ് അണ്ടർ സെക്രട്ടറി ആയിരുന്ന ശ്രീ പി. കെ. ജോസഫ്, പ്രൊ. ഗോവിന്ദൻകുട്ടി, സിനിമ നാടക രചയിതാവും അധ്യാപകനുമായിരുന്ന ശ്രീ പൂച്ചാക്കൽ ഷാഹുൽഹമീദ് തുടങ്ങിയവർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളിൽ ചിലർ മാത്രമാണ്.

സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് ശ്രീ വെൺമണി രാജഗോപാൽ, ദേശീയ അധ്യാപക അവാർഡ് ജേതാവ് ശ്രീമതി ഹേമലത തുടങ്ങിയവർ ഇവിടെ പ്രധാന അധ്യാപകരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് ഫാദർ ജോസഫ് കോയിപ്പറമ്പിൽ, സൈനിക സ്കൂൾ മുൻ പ്രിൻസിപ്പാൾ ഡോക്ടർ സി കെ ചന്ദ്രശേഖരൻ നായർ എന്നിവർ ഇവിടത്തെ മുൻകാല അധ്യാപകരാണ് .

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

ഓരോ കുട്ടിയും ഓരോ മികവുകളാണ് ആ മികവുകളുടെ ശാരീരിക മാനസിക ബൗദ്ധിക മേഖലകളിൽ ഗുണാത്മകമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതായിരിക്കണം സ്കൂളിന്റെ ഘടനയും പ്രവർത്തനവും കുട്ടികളുടെ കഴിവുകൾ കണ്ടെത്തുകയും അവയെ വേണ്ട രീതിയിൽ പ്രോത്സാഹിപ്പിക്കാനും സാധിക്കുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കണം സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഓരോ കുട്ടിക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുന്ന രീതിയിൽ സ്കൂൾ പ്രവർത്തനങ്ങൾക്ക് മാറ്റം വരുത്തണം അവന്റെ കഴിവിനും അഭിരുചിക്കും അനുസരിച്ച് പഠിക്കുവാനും തൊഴിൽ കണ്ടെത്താനും കഴിയണം ഇത് സാധ്യമാകും വിധം ചിന്തയും പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു കൊണ്ട് പ്രവർത്തിച്ച വരും തലമുറക്കുള്ള ഒരു കരുതലായി വിദ്യാലയത്തെ മാറ്റുക എന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്

ശിശു സൗഹൃദമായ അന്തരീക്ഷത്തിൽ രസകരവും വിജ്ഞാനപ്രദവും അതോടൊപ്പം കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കത്തക്ക രൂപ സൗകുമാര്യത്തോടും കുട്ടിയുടെ പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആയി മാറ്റുവാനുള്ള മികച്ച സാഹചര്യം ഒരുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ് കാലോചിതമായ മാറ്റങ്ങൾ അധ്യാപനത്തിലും ഭൗതിക സാഹചര്യത്തിലും ഉണ്ടാകേണ്ടതുണ്ട് സ്മാർട്ട് ആയ ക്ലാസ് റൂമുകളും ഗവേഷണ കുതുകികളായ അധ്യാപകരും വിദ്യാർത്ഥികളും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ് അതിലേക്ക് നയിക്കുന്ന രീതിയിൽ സ്കൂൾ സാഹചര്യങ്ങൾ മെച്ചപ്പെടുമ്പോൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കുന്നു ലാംഗ്വേജ് ലാബുകളും ഡിജിറ്റൽ സംവിധാനങ്ങളും ആധുനിക വായനശാലയിൽ മികച്ച ലബോറട്ടറികളും പെൺ സൗഹൃദ കാഴ്ചപ്പാടുകളും സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകം പോലെ പ്രയോജനപ്പെടുത്തുവാൻ സഹായകരമാകണം സർഗ്ഗവാസനകളുടെ പരിപോഷണം പിന്നോക്കം നിൽക്കുന്നവരോടുള്ള പരിഗണന തൊഴിലാഭിമുഖ്യം വളർത്തൽ വിദ്യാഭ്യാസത്തിലെ ജനാധിപത്യവൽക്കരണം പരസ്പര ബഹുമാനം തുടങ്ങി വ്യത്യസ്ത മേഖലകൾ ആർജിക്കേണ്ടത് പുതിയ കാലഘട്ടത്തിൽ വിദ്യാലയങ്ങളിലൂടെയാണ്

ഒരു സ്കൂൾ വർഷത്തിന് ശേഷം പുറത്തേക്കിറങ്ങുന്ന ഒരു കുട്ടിക്ക് ആശയ ധാരണകളിലും ശേഷികളിലും വികാസം ഉണ്ടാകണം മൂല്യബോധം ഉണ്ടായിരിക്കണം മനോഭാവങ്ങളിൽ നന്മ ഉണ്ടാകണം വിവിധ ഭാഷകൾ ആശയവിനിമയത്തിന് ഉതകുന്നതും വിധം കൈകാര്യം ചെയ്യാനുള്ള ആത്മവിശ്വാസം ഉണ്ടാകണം തങ്ങളുടെ അഭിരുചിക്കനുസരിച്ച് ഏറ്റവും മികവാർന്ന രീതിയിൽ തന്റെ കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയണം പ്രായോഗിക ബുദ്ധിയും പുതിയ വെല്ലുവിളികളെ ഏറ്റെടുക്കാനുള്ള കഴിവും ഉണ്ടാകണം തുടങ്ങി വ്യത്യസ്ത തലത്തിൽ ഏറ്റവും മികവുള്ള ഒരു വ്യക്തിയായി കുട്ടിയെ മാറ്റാൻ ഉതകുന്ന പ്രവർത്തനങ്ങൾ ഈ ഒരു വർഷക്കാലയളവിൽ ഏറ്റെടുത്തു നടത്തുക എന്നതാണ് ഞങ്ങളുടെ മികവിന്റെ കാഴ്ചപ്പാട്

## കാഴ്ചപ്പാടുകൾ

ഓരോ കുട്ടിയും ഓരോ മികവുകളാണ് ആ മികവുകളുടെ ശാരീരിക മാനസിക ബൗദ്ധിക മേഖലകളിൽ ഗുണാത്മകമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതായിരിക്കണം സ്കൂളിന്റെ ഘടനയും പ്രവർത്തനവും

### ശിശു സൗഹൃദ സ്കൂളുകൾ

കൂടാതെ സൗഹൃദമായ അന്തരീക്ഷത്തിൽ രസകരമായും വിജ്ഞാനപ്രദമായും അതോടൊപ്പം കുട്ടികൾ സ്കൂളിലേക്ക് ആകർഷിക്കത്തക്ക രൂപസൗകര്യത്തോടെയും ഉള്ള ശിശു സൗഹൃദ സ്കൂൾ

### ഗവേഷണ വിദ്യാലയം

അക്കാദമിക പ്രസക്തമായ വസ്തുതകൾ അന്വേഷണത്തിലൂടെ കണ്ടെത്താനും ഗവേഷണം നടത്താനുള്ള സാഹചര്യമൊരുക്കൾ

### ഇന്റർ ആക്ടീവ് സ്കൂൾ

കുട്ടികളുമായി പരസ്പരബന്ധം സ്ഥാപിക്കുവാനും കുട്ടികളുടെ കുറവുകളെയും കഴിവുകളെയും സഹായിക്കുന്ന അധ്യാപക വിദ്യാർത്ഥി ബന്ധമായ സ്കൂൾ.

### സ്മാർട്ട് ആൻഡ് ഡിജിറ്റൽ ക്ലാസ്സ് റൂം

ഓരോ ക്ലാസ്സ് റൂമും ഒരു അനുഭവമായി കുട്ടിക്ക് മാറണം. ഡിജിറ്റൽ സംവിധാനത്തിലൂടെ എഡിസണും ഷേക്സ്പിയറും പിക്കാസോയും ഒക്കെ അവരുടെ മുന്നിലേക്ക് ഇറങ്ങി വരുമ്പോൾ പഠനം സ്മാർട്ട് ആകുന്നു കുട്ടികളും

### ഭാഷാ ലാബുകൾ

ഉപയോഗപാതിയായ ഭാഷയുടെ ലോകം കുട്ടികളുടെ ഉള്ളിലേക്ക് തടസ്സം കൂടാതെ കടന്നു വരാൻ സഹായിക്കുന്ന ഭാഷാ ലാബുകൾ

### ആയാസരഹിതമായ വിദ്യാലയം

കുട്ടികൾക്ക് ഇഷ്ടമുള്ള വിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് മറ്റു വിഷയങ്ങൾ അറിവിലേക്ക് മാത്രം പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന സ്കൂൾ

### കലാ കായിക വിഷയങ്ങൾക്ക് പ്രാധാന്യം

സംഘപരവും കായികവുമായ കഴിവുകൾ കണ്ടെത്തി അവയിൽ തൽപരരായവരെ പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടു വരാൻ പ്രാപ്തരാക്കുന്നു

### ക്യാമ്പസ് ഒരു പാഠപുസ്തകം

പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തി സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകം ആക്കണം

### ആധുനിക വായനശാല ലബോറട്ടറി

അന്വേഷണാത്മക പഠനരീതി പ്രാവർത്തികമാക്കാൻ സ്കൂളിലായി ആധുനികവൽക്കരിക്കും ഒരേസമയം എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങൾ ചെയ്യാൻ പാവത്തിൽ സുരക്ഷിതവും മറ്റുള്ള സജ്ജീകരണങ്ങളും ഉള്ള ആധുനിക ലബോറട്ടറി ഒന്നാം ക്ലാസ് മുതൽ വായന സംസ്കാരം പ്രോത്സാഹിപ്പിക്കാൻ ലൈബ്രറി നവീകരിക്കും ഡിജിറ്റൽ ലൈബ്രറി പ്രോത്സാഹിപ്പിക്കും

## നൈപുണ്യ വികസനം

എൽ പി തലം മുതൽ തൊഴിൽപരിചയം പോലുള്ളവ ഉൾപ്പെടുത്തി തൊഴിലാഭിമുഖ്യം വളർത്തുകയും ഹൈസ്കൂൾ തലം മുതൽ തൊഴിൽ പരിശീലനം നൽകുകയും ചെയ്യും

## കൗൺസിലിംഗ് കമ്മിറ്റികൾ

കുട്ടി നാളത്തെ സമൂഹ സൃഷ്ടിയിൽ സർഗാത്മകമായി ഇടപെടേണ്ടവനാണ് കുട്ടിയുടെ ജീവിതവളർച്ചയുടെ അഭിവാജ്യ ഘടകമാണ് സ്കൂൾതന്മൂലം വൈകാരികവും സാമൂഹ്യവുമായ ധാരാളം പ്രശ്നങ്ങൾ കുട്ടി നേരിടേണ്ടതായി വരുന്നു ഈ അവസരങ്ങൾ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാൻ ഉതകുന്നതായിരിക്കും കൗൺസിലിംഗുകൾ

## പിന്നോക്കം നിൽക്കുന്നവർക്ക് മുൻഗണന

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർ തുടങ്ങിയ കുട്ടികളുടെ പഠനം വികാസം എന്നിവ മോട്ടർ ചെയ്യുകയും പിന്നോക്കത്തിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരങ്ങൾ നൽകുകയും ചെയ്യും

## വിദ്യാഭ്യാസം ജനാധിപത്യവൽക്കരണം

പരസ്പരം ബഹുമാനം നേതൃത്വശേഷി പൊതുനിക്ക് വേണ്ടി ഒന്നിച്ചു പ്രവർത്തികൾ തിന്മകളോടും വിവേചനകൾ ഓടും പ്രതികരിക്കൽ പ്രവർത്തനം തുടങ്ങി വിദ്യാഭ്യാസരം ജനാധിപത്യവൽക്കരണമാക്കാൻ ക്ലാസ് സഭകൾ സ്ഥാപിക്കുകയും നേതൃത്വ പാഠവും മറ്റു ജനാധിപത്യം മൂല്യങ്ങൾ വളർത്താനുമുള്ള വേദികളുമാക്കി സ്കൂൾ പാർലമെന്റ് നവീകരിക്കുകയും ചെയ്യുന്നു

## പരിസ്ഥിതി സൗഹൃദവിദ്യാലയം

പ്ലാസ്റ്റിക് വിമുക്തമായ പ്രകൃതിയുമായി ചേർന്നു നിൽക്കുന്ന ഒരു സ്കൂൾ അന്തരീക്ഷം യാഥാർത്ഥ്യമാക്കും കൃഷിയെ പ്രോത്സാഹിപ്പിക്കും കാർഷിക സംസ്കാരം വളർത്തിയെടുക്കും

## ലഹരി വിമുക്ത വിദ്യാലയം

ബോധവൽക്കരണത്തിലൂടെ ഇത് യാഥാർത്ഥ്യമാക്കും.

## പെൺ സൗഹൃദ വിദ്യാലയം അവസര തുല്യത ഉറപ്പാക്കും

ആൺ വർദ്ധിച്ച് പെൺ സൗഹൃദ സമീപനം എല്ലാ പ്രവർത്തനങ്ങളിലും പ്രതിഫലിക്കും തീരുമാനങ്ങൾ എടുക്കാനും നടപ്പിൽ വരുത്തുവാനും വിലയിരുത്താനും എല്ലാ പെൺകുട്ടികൾക്കും അവസരം ഉറപ്പിക്കാം ആത്മവിശ്വാസവും പ്രതികരണശേഷിയും വിമർശനാവബോധവും പെൺകുട്ടികളിൽ വളർത്തും

## ശാക്തീകരിച്ച അധ്യാപകർ

സമയാസമയങ്ങളിൽ നിലവാരമുള്ള പരിശീലനം സിദ്ധിച്ച ഗവേഷണമായി ഇടപെടുന്ന അധ്യാപകർ

നിലവിലെ അവസ്ഥാവിശകലനം

കുട്ടികളുടെ എണ്ണം

| 2025-2026 | | | |
|---|---|---|---|
| Std | B | G | Total |
| I | 2 | 2 | 4 |
| II | 1 | 4 | 5 |
| III | 9 | 3 | 12 |
| IV | 9 | 2 | 11 |
| V | 5 | 6 | 11 |
| VI | 3 | 6 | 9 |
| VII | 4 | 5 | 9 |
| Total | 33 | 28 | 61 |

നിലവിൽ 1 മുതൽ 7 വരെ ക്ലാസുകളിലായി 61 കുട്ടികളും പ്രീ പ്രൈമറി വിഭാഗത്തിൽ 08 കുട്ടികളും പഠിക്കുന്നുണ്ട് ഭൂരിഭാഗം കുട്ടികളും സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരാണ് എച്ച് എം ഉൾപ്പെടെ 8 അധ്യാപകർ സേവനമനുഷ്ഠിക്കുന്നു. ഇവർക്ക് കാലാകാലങ്ങളിൽ മികച്ച പരിശീലനം ഉറപ്പാക്കുന്നുണ്ട് കൂടാതെ ഐടിസി സാധ്യത മികവുറ്റതാക്കാൻകമ്പ്യൂട്ടർ പരിശീലനവും നൽകുന്നു

ഭൗതികം - നേട്ടങ്ങൾ

എസ് എസ് എയുടെ മേജർ മെയിന്റനസ് ഫണ്ട് ഉപയോഗിച്ച് എല്ലാ ക്ലാസ് മുറികളും ടൈൽ ഇടുകയും സീലിംഗ് ചെയ്യുകയും ചെയ്തു എല്ലാ ക്ലാസിലും ലൈറ്റും ഫാനും ഉണ്ട് ആവശ്യത്തിന് ടോയ്‌ലറ്റും യൂറിനൽസും ഉണ്ട്

ഭൗതികം - പരിമിതികൾ

കേവലം 21 3/4 സെന്റ് സ്ഥലത്താണ് സ്കൂൾ പ്രവർത്തിക്കുന്നത് പല പരിമിതി മൂലം കെട്ടിടങ്ങൾ നിർമ്മിക്കുവാനോ പ്രത്യേക ക്ലാസ്സ് മുറികളിൽ സയൻസിൽ വായനാമുറി എന്നിവ ഏർപ്പെടുത്തുവാൻ സാധിക്കുന്നില്ല കളിസ്ഥലമില്ല ആകർഷകമായ പൂന്തോട്ടവും ജൈവവൈവിദ്യപ്പാർ ആവശ്യമാണ്

അക്കാദമികം - നേട്ടങ്ങൾ

90% കുട്ടികളും ഭാഷാ നൈപുണികൾ നേടിയിട്ടുണ്ട്

പരീക്ഷണ നിരീക്ഷണങ്ങളിലുള്ള താല്പര്യം

അക്കാദമികം - പരിമിതികൾ

10% കുട്ടികൾക്ക് കൂടി ഭാഷാ നൈപുണികൾ നേടേണ്ടതായിട്ടുണ്ട്

എൽ എസ് എസ് യുഎസ്എസ് തുടങ്ങിയ മത്സര പരീക്ഷകളിൽ കുട്ടികളുടെ മികവർദ്ധിക്കേണ്ടത് ഉണ്ട്

ഐ സി റ്റി പഠനം സുഖമാക്കുന്നതിന് കൂടുതൽ കമ്പ്യൂട്ടറുകൾ ആവശ്യമുണ്ട് സ്മാർട്ട് ക്ലാസറും മികച്ച ലാബ് ലൈബ്രറി എന്നിവ ആവശ്യമുണ്ട്

പദ്ധതി രൂപീകരണ പ്രക്രിയ

എസ് ആർ ജി യോഗത്തിൽ സമഗ്ര വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ വികസന ആവശ്യങ്ങൾ ക്ലാസ് വിഷയാടിസ്ഥാനത്തിൽ തയ്യാറാക്കൽ

കരടു രൂപരേഖ SRG SMC MPTA ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ

എസ് എം സി യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രൂപരേഖ തയ്യാറാക്കൽ

# എസ്.ആർ.ജി 1 എസ്:പി

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കൽ | പഠന നില കണ്ടെത്തൽ | ജൂൺ | ക്ലാസ് ടീച്ചർ | 500-CPTA | |
| | പരിമിതികൾ കണ്ടെത്തി പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യഎല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കൽ | ജൂൺ-ജൂലൈ | | | |
| | **അക്ഷരകളിക്കൂട്ടം** .അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി വളർത്തുന്നു | | | | |
| | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ഓഗസ്റ്റ്- സെപ്റ്റംബർ | | | |
| | **വായനശാലയിലേക്ക്** . പത്രം,ആഴ്ചപ്പതിപ്പ് ,മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു . | ഒക്ടോബർ | | | |
| | നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിക്കുന്നു. | ജൂൺ-മാർച്ച് | | | |
| | **എഴുത്തുകൂട്ടം** മുഴുവൻ കുട്ടികളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | ജനുവരി ഫെബ്രുവരി | | | |

**ENGLISH**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തി ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും തെറ്റുകൂടാതെ എഴുതാനും പ്രാപ്തരാക്കുക | **Spelling Bee** എല്ലാദിവസവും പുതിയ ഒരു ഇംഗ്ലീഷ് വാക്കും അതിൻറെ അർത്ഥം ഇംഗ്ലീഷിലും എഴുതി പ്രദർശിപ്പിക്കുന്നു കുട്ടികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കുന്നു | ജൂൺ-മാർച്ച് | | | |
| | **I Too Can** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു | ജൂൺ-മാർച്ച് | | | |
| | **Readers Day** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു | ജൂൺ-മാർച്ച് | | | |
| | **English Day** ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം നടത്തൽ | ജൂൺ-മാർച്ച് | | | |
| | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച ഒരു ക്യാമ്പ് നടത്തുന്നു | ഫെബ്രുവരി | | | |

**ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| | കളി രീതിയിലൂടെ സംഖ്യാബോധം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | ക്ലാസ് ടീച്ചർ | | |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുക | **ഗണിത ശില്പശാല** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ,ഓഗസ്റ്റ്,ഫെബ്രുവരി | | | |
| | **ഒറിഗാമി ശില്പശാല** ജാപ്പനീസ് കലയായ ഒറിഗാമി യിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകാൻ വിവിധരൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടിക പ്പെടുത്തൽ | ഫെബ്രുവരി | | | |
| | **ഗണിത പാർക്ക്** ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കാൻ | ഓഗസ്റ്റ് | | | |
| | പഠനോപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും | ജനുവരി | | | |
| | | | | | |

**പരിസര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കി നേടിയ അറിവുകൾ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്താം | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ജൂൺ | | | |
| | പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | | | |
| | ഫീൽഡ് ട്രിപ്പ് ചുറ്റുപാടുകൾ നിരീക്ഷിച്ച് സസ്യ ജന്തു വിശേഷങ്ങൾ കണ്ടെത്തുക | ജൂൺ,ഓഗസ്റ്റ്,ഫെബ്രുവരി | | | |
| | ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ ശേഖരിക്കൽ | ജൂൺ-മാർച്ച് | | | |
| | ശാസ്ത്ര പതിപ്പ് ചാർട്ട് ആൽബം പഠനോപകരണങ്ങൾ ഇവയുടെ നിർമ്മാണം പ്രദർശനം | ജൂൺ-മാർച്ച് | | | |
| | ശാസ്ത്ര മാസികയുടെ നിർമ്മാണം | ഫെബ്രുവരി | | | |
| കേരളം/ഇന്ത്യ ഭൂപടവായന സൂചിക പരിചയപ്പെടുത്തൽ | ഭൂപട വായന, ഭൂപടം രചന, സൂചിക നിർമ്മാണം | ജനുവരി | | | |

# യു പി

| മലയാളം | | | | | |
|---|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **പ്രവർത്തനകാലയളവ്** | **ചുമതല** | **സാമ്പത്തികം** | **റിമാർക്ക്** |
| എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കൽ | പഠന നില കണ്ടെത്തൽ | ജൂൺ | ക്ലാസ് ടീച്ചർ | 500-CPTA | |
| | പരിമിതികൾ കണ്ടെത്തി പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യഎല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കൽ | ജൂൺ-ജൂലൈ | | | |
| | **അക്ഷരകളിക്കൂട്ടം** .അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി വളർത്തുന്നു | | | | |
| | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ഓഗസ്റ്റ്- സെപ്റ്റംബർ | | | |
| | **വായനശാലയിലേക്ക്** . പത്രം,ആഴ്ചപ്പതിപ്പ് ,മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു . | ഒക്ടോബർ | ക്ലാസ് ടീച്ചർ | | |
| | നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിക്കുന്നു. | ജൂൺ-മാർച്ച് | | | |
| | **എഴുത്തുകൂട്ടം** മുഴുവൻ കുട്ടികളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | ജനുവരി ഫെബ്രുവരി | | | |

**ENGLISH**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തി ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും തെറ്റുകൂടാതെ എഴുതാനും പ്രാപ്തരാക്കുക | **Spelling Bee** എല്ലാദിവസവും പുതിയ ഒരു ഇംഗ്ലീഷ് വാക്കും അതിൻറെ അർത്ഥം ഇംഗ്ലീഷിലും എഴുതി പ്രദർശിപ്പിക്കുന്നു കുട്ടികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കുന്നു | | ക്ലാസ് ടീച്ചർ | | |
| | **I Too Can** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | | |
| | **Readers Day** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | | |
| | **English Day** ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം നടത്തൽ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | | |
| | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച ഒരു ക്യാമ്പ് നടത്തുന്നു | ഫെബ്രുവരി | ക്ലാസ് ടീച്ചർ | | |

**ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|
| യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും പദങ്ങളും ഉറപ്പിച്ച് ഹിന്ദി ഭാഷ തെറ്റുകൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | അക്ഷരമാല ചാർട്ട് പ്രദർശനം അക്ഷരം എഴുത്ത് | ജൂൺ-മാർച്ച് | | | |
| | പുതിയ പദങ്ങൾ കവിതകൾ കഥകൾ എന്നിവ പരിചയപ്പെടുത്തുന്നു | | | | |
| | അക്ഷര കാർഡുകളിലൂടെ വാക്കുകളുടെ നിർമ്മാണം | | | | |
| | ചിഹ്നങ്ങൾ ചേർത്ത് വാക്കുകളുടെ നിർമ്മാണം | | | | |
| | ഓൺലൈൻ അക്ഷര കളികൾ | | | | |
| | നിരന്തരം ഹിന്ദി അവസരമൊരുക്കൽ | | | | |
| | വീട്-പാഠശാല | | | | |
| | ഹഫ്താ കാ ശബ്ദ് ( ആഴ്ചയിലെ വാക്ക് ) | | | | |
| | ഹിന്ദി അസംബ്ലി | | | | |
| | ഹിന്ദി നോട്ടുബുക്ക് ആകർഷകമാക്കൽ | | | | |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തി ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ശില്പശാല** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ-ഫെബ്രുവരി. | എസ്.ആർ.ജി. കൺവീനർ, ഗണിതശാസ്ത്രാധ്യാപകർ | | |
| | **ഒറിഗാമി ശില്പശാല** ജാപ്പനീസ് കലയായ ഒറിഗാമി യിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകാൻ വിവിധരൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടിക പ്പെടുത്തൽ | ജൂൺ-ഫെബ്രുവരി | | | |
| | **ഗണിത പാർക്ക്** ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കാൻ | ജൂൺ-ഫെബ്രുവരി | | | |
| | ഗണിത ഗ്രാമം | ജൂൺ-ഫെബ്രുവരി | | | |
| | ഗണിതത്തിൽ പ്രാവീണ്യമുള്ള ഉൾപ്പെടുത്തി താൽപര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | ജൂൺ-ഫെബ്രുവരി | | | |
| | **ഐടി സാധ്യതകളിലൂടെ** ജാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ ടാൻഗ്രാം ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കുന്നു | ജൂൺ-ഫെബ്രുവരി | | | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | **ഗണിത ലാബ് സജ്ജമാക്കാൻ** ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ | ജൂൺ-ഫെബ്രുവരി | | | |

## സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| നിരീക്ഷണം പരീക്ഷണം സാമാന്യവൽക്കരണം എന്നീ ഘട്ടങ്ങളിലൂടെ പ്രശ്നപരിഹാരത്തിലേക്ക് എത്തുന്ന ശാസ്ത്രത്തിന്റെ രീതി ഓരോ കുട്ടിയും സ്വായത്തമാക്കുക | ജൈവവൈവിധ്യ പാർക്ക് നിർമ്മാണം<br>ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം | ജൂൺ-ജൂലൈ | | | |
| | കാവ് ,കണ്ടൽക്കാടുകൾ എന്നിവയുടെ സന്ദർശനം,നിരീക്ഷണം | | | | |

| | | | | | |
|---|---|---|---|---|---|
| പഠന പ്രക്രിയയിലൂടെ ആർജിച്ച അറിവും പ്രക്രിയ ശേഷികളും ജീവിതസാഹചര്യങ്ങളിൽ പ്രയോഗിക്കാൻ പഠിതാക്കൾക്ക് കഴിയുക | **പരീക്ഷണ കളരി** നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ജൂൺ-മാർച്ച് | എസ് ആർ ജി കൺവീനർ ക്ലബ് ചുമതലയുള്ള അധ്യാപകർ ശാസ്ത്രാധ്യാപകർ | | |
| | മാസ്റ്റർ മൈൻഡ് ,ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ്, ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | ജൂൺ-മാർച്ച് | | | |
| | **ശാസ്ത്ര വിസ്മയ ചുമർ** ശാസ്ത്രംപാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | ജൂൺ-മാർച്ച് | | | |
| | **വിസ്മയ യാത്ര** ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു | ജൂൺ-മാർച്ച് | | | |

| **സാമൂഹ്യ ശാസ്ത്രം** | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
| സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ എന്നിവ നേടിയെടുക്കൽ | സാമൂഹ്യ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അറിവ് പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ | സാമൂഹ്യ ശാസ്ത്രാധ്യാപകർ,എസ് ആർ ജി കൺവീനർ ക്ലബ് ചുമതലയുള്ള അധ്യാപകർ | | |
| കുട്ടികളെ ചരിത്ര അവബോധം ഉള്ളവരായി മാറ്റിയെടുക്കുക | ഓർമ്മച്ചെപ്പ അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി മെമ്മറി ടെസ്റ്റ് നടത്തുന്നു | ജൂൺ-ഫെബ്രുവരി | | | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഐസിടി സാധ്യതകൾ ഉപയോഗിച്ച ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | ജൂൺ-ഫെബ്രുവരി | | | |
| പ്രകൃതിദുരന്തങ്ങളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ | ഗ്രാമസഭ/വാർഡ സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു | ജൂൺ-ഫെബ്രുവരി | | | |

| | | | | | |
|---|---|---|---|---|---|
| | എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് കുട്ടികളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | ജൂൺ-ഫെബ്രുവരി | | | |
| | **ഫീൽഡ് ട്രിപ്പ്** ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുകയും ചരിത്രവസ്തുതകൾ മനസ്സിലാക്കുകയും ചെയ്യുന്നതിലൂടെ കുട്ടികളിൽ ചരിത്ര അവബോധം സൃഷ്ടിക്കുന്നു | ജൂൺ-ഫെബ്രുവരി | | | |

**ആരോഗ്യ-കലാ-കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| കായികക്ഷമതയിലൂടെ ശാരീരിക വളർച്ചയും മാനസിക വികാസവും നേടുന്നു | സമ്പൂർണ കായികക്ഷമത കൈവരിക്കാനുള്ള വ്യായാമങ്ങൾ പരിചയപ്പെടുത്തുന്നു | ജൂൺ-മാർച്ച് | | | |
| | കായികക്ഷമതയുടെ ഗുണങ്ങളെക്കുറിച്ചു ചർച്ച നടത്തുന്നു | | | | |
| | കായിക മേഖലയിൽ മികവ് തെളിയിച്ചിട്ടുള്ള തദ്ദേശീയരെ ഉൾപ്പെടുത്തി പരിശീലന ക്ലാസുകൾ | | | | |
| | | | | | |
| കുട്ടികളുടെ കലാപരമായ കഴിവുകൾ വളർത്തിയെടുക്കുക | ആർട്ട് ക്ലബ് | | | | |
| | കല-പ്രവർത്തി പരിചയ ശില്പശാല | | | | |
| | കലാമേളകളിൽ പങ്കെടുപ്പിക്കൽ | | | | |
| | കരകൗശല വസ്തുക്കളുടെ നിർമാണം പ്രദർശനം | | | | |
| | | | | | |
| ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുക | മില്ലെറ്റ് ദിനം | | | | |
| | ഭക്ഷ്യമേള | | | | |
| | ആരോഗ്യപ്രവർത്തകരുടെ ബോധവൽക്കരണ ക്ലാസുകൾ | | | | |
| | പ്രാദേശിക ബോധവൽക്കരണ പരിപാടി | | | | |
| | ഡ്രൈ ഡേ | | | | |